(ബി) ഈ 6 പുതിയ സബ്ട്രഷറികളിൽ മലപ്പുറം ജില്ലയിലെ വണ്ടൂർ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ 6 പുതിയ സബ്ട്രഷറിയിൽ ഏതൊക്കെ സബ് ട്രഷറികളിൽ പ്രവർത്തനം തുടങ്ങിയെന്ന് വ്യക്തമാക്കാമോ;

(ഡി) വണ്ടൂർ സബ്ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(ഇ) നിർദ്ദിഷ്ട സബ്ട്രഷറി എന്നത്തേക്ക് പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. കണ്ണൂർ ജില്ലയിൽ ആലക്കോട്

2. മലപ്പുറം ജില്ലയിൽ വണ്ടൂർ

3. തൃശ്ശൂർ ജില്ലയിൽ മണലൂർ

4. ആലപ്പുഴ ജില്ലയിൽ മാന്നാർ

5. കൊല്ലം ജില്ലയിൽ ചവറ

6. കൊല്ലം ജില്ലയിൽ ചടയമംഗലം

7. തിരുവനന്തപുരം ജില്ലയിൽ കടയ്ക്കാവൂർ.

(ബി) ഏഴ് സബ്ട്രഷറികൾ തുടങ്ങുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൽ മലപ്പുറം ജില്ലയിലെ വണ്ടൂരും ഉൾപ്പെടുന്നു.

(സി) ഏഴ് സബ്ട്രഷറികളിൽ ഒന്നുംതന്നെ പ്രവർത്തനം തുടങ്ങിയിട്ടില്ല.

(ഡി) 2005-ലെ ബഡ്ജറ്റ് പ്രസംഗത്തിലാണ് പ്രസ്തുത ട്രഷറി ആരംഭിക്കാൻ പ്രഖ്യാപനം നടത്തിയത്. പ്രസ്തുത ട്രഷറി ആരംഭിക്കുന്നതിന് നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടില്ല.

(ഇ) ഈ സാമ്പത്തികവർഷംതന്നെ സബ്ട്രഷറി പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി സബ്ട്രഷറി

21 [3274] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി സബ്ട്രഷറിയിൽ 2003-2004 വർഷത്തെ ഇടപാട് സംഖ്യ എത്രയാണെന്ന് വെളിപ്പെടുത്താമോ;

GPM. 2/609/2012—9

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ട്രഷറിയിൽ ഇപ്പോൾ പെൻഷൻ കൈപ്പറ്റുന്ന എത്ര അക്കൗണ്ടുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ജോലിഭാരംമൂലം പലപ്പോഴും ഇടപാടുകാർ മണിക്കൂറുകൾ കാത്തിരിക്കേണ്ടിവരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) 74,86,36,144 രൂപ.

പെയ്മെന്റ് – 57,32,24,010 രൂപ

റസീപ്റ്റ് – 17,54,12,134 രൂപ

(ബി) 2093 അക്കൗണ്ടുകൾ.

(സി) ട്രഷറി കമ്പ്യൂട്ടർവൽക്കരിച്ചശേഷം ഇടപാടുകാർക്ക് മണിക്കൂറുകൾ കാത്തിരിക്കേണ്ട ആവശ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നീലേശ്വരം സബ്ട്രഷറിക്കുവേണ്ടിയുള്ള കെട്ടിടനിർമ്മാണത്തിന്റെ പുരോഗതി

22 [3275] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സ്ഥലം പതിച്ചു കിട്ടിയിട്ടുണ്ടോ;

(ബി) കെട്ടിടം പണിയുടെ നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബഡ്ജറ്റിൽ വേണ്ടത്ര തുക നീക്കിവയ്ക്കാൻ സാധിക്കാത്തതിനാൽ ഭരണാനുമതി നൽകുവാൻ സാധിച്ചിട്ടില്ല.

നാദാപുരം നിയോജകമണ്ഡലത്തിലെ സബ്ട്രഷറികൾ

23 [3276] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ എത്ര സബ്ട്രഷറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ട്രഷറികൾ സൗകര്യം ഇല്ലാത്ത കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly